**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 635** **24-08-2022 - ൽ മറുപടിയ്ക്ക്**

**ജിയോളജി വകുപ്പിൽ നിന്നുള്ള ഖനനാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഗൃഹ നിർമ്മാണം, കെട്ടിട നിർമ്മാണം എന്നിവയോടനുബന്ധിച്ച് നടത്തുന്ന കിണർ, കുളം, സെപ്റ്റിക് ടാങ്ക് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മണ്ണും മറ്റു ധാതുക്കളും വാഹനങ്ങളിൽ കയറ്റി കൊണ്ടുപോകുന്നതിനുള്ള അനുവാദവും പാസും മറ്റ് ഓഫീസുകളിൽ നിന്നുള്ള അനുമതി കൂടാതെ സെൽഫ് ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റിന്റെ ഓഫീസിൽ നിന്നും ലഭിക്കുന്ന തരത്തിൽ നടപടിക്രമം ലഘൂകരിക്കാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ; | (എ) | 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ അംഗീകരിച്ചു നൽകുന്ന ഡവലപ്മെന്റ് പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാത്തരം നിർമിതികളുടേയും ഭാഗമായി ലഭിക്കുന്ന സാധാരണ മണ്ണ്/ ധാതുക്കൾ നീക്കം ചെയ്യുന്നതിന് വകുപ്പിന്റെ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും അനുവാദവും പാസും നൽകിവരുന്നു. എന്നാൽ മറ്റ് ഓഫീസുകളിൽ നിന്നുള്ള അനുമതി കൂടാ സെൽഫ് ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റിന്റെ ഓഫീസിൽ നിന്നും അനുവാദവും പാസും ലഭിക്കുന്ന തരത്തിൽ നടപടിക്രമം ലഘൂകരിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ബി) | ഏതെങ്കിലും ഒരു സ്ഥലത്ത് ജിയോളജി വകുപ്പിൽ നിന്ന് ഖനനാനുമതി ലഭിക്കുന്നതിന് ആ സ്ഥലത്തു നിന്നും മുൻകാലങ്ങളിൽ പല ആവശ്യങ്ങൾക്കായി നീക്കം ചെയ്ത ധാതുവിന്റെ റോയൽറ്റി തുക അടയ്ക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വകുപ്പിൽ നിന്നും ഖനനാനുമതി നൽകുന്നതിന് മുമ്പായി വിശദമായ സ്ഥല പരിശോധനകൾ നടത്തുമ്പോൾ ടി സ്ഥലം പുതിയതാണോ അതോ ധാതു നീക്കം ചെയ്തിട്ടുള്ള സ്ഥലമാണോ എന്നത് പരിശോധിക്കാറുണ്ട്. അത്തരത്തിൽ പരിശോധന നടത്തുമ്പോൾ ടി സ്ഥലത്തുനിന്നും അനധികൃതമായി ധാതു നീക്കം ചെയ്തതായി ബോധ്യപ്പെട്ടാൽ നീക്കം ചെയ്ത ധാതുവിന്റെ കുടിശ്ശിക റോയൽറ്റി സർക്കാരിലേക്ക് ഒടുക്കിയാൽ മാത്രമേ നിലവിലെ ചട്ടങ്ങൾ പ്രകാരം അനുമതി നൽകുവാൻ കഴിയുകയുള്ളൂ. |
| (സി) | അതാത് കാലങ്ങളിൽ സർക്കാർ രൂപപ്പെടുത്തിയതും നിലവിലിരുന്നതുമായ നിയമപ്രകാരം റോയൽറ്റി അടച്ച് ഖനനാനുമതി നേടിയിരുന്ന ക്വാറികളുടെ അനുമതി പോലും പുതുക്കിയെടുക്കുന്ന സമയത്ത് അധിക ഖനനം ആരോപിച്ച് ഇപ്പോഴത്തെ നിരക്കിൽ റോയൽറ്റി തുകയും പിഴയും ജിയോളജി വകുപ്പ് വീണ്ടും | (സി) | ഖനനാനുമതികൾ പുതുക്കുന്ന സമയത്ത് ടി ക്വാറികളിൽ ചട്ടലംഘനങ്ങൾ നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കുകയും അത്തരത്തിൽ നിയമ ലംഘനം ഉണ്ടായതായി ബോധ്യപ്പെട്ടാൽ ആയത് സംബന്ധിച്ച മുൻ അനുമതികൾ വിശദമായി പരിശോധിച്ചതിന് ശേഷം |

| | | | |
|---|---|---|---|
| | ഈടാക്കുന്ന സമ്പ്രദായം ഒഴിവാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | | മാത്രമേ അധിക ഖനനം സംബന്ധിച്ച തുക ഈടാക്കാറുള്ളൂ. |

സെക്ഷൻ ഓഫീസർ